# തലശ്ശേരി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
Ph : 0490 2344430, E-mail : catechesistly@gmail.com


## സർക്കുലർ - ജനുവരി 2015

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52)

പുതിയ പ്രതീക്ഷകളുമായി ഒരു പുത്തൻവർഷംകൂടി ദൈവം നമുക്ക് നല്കിയിരിക്കുന്നു. കഴിഞ്ഞ വർഷത്തെ കുറവുകളെ പരിഹരിച്ചുകൊണ്ട് പുതിയവർഷത്തിൽ നമുക്ക് കർമ്മോത്സുകരാകാം. ഈശോയെ വരുംതലമുറയ്ക്ക് പകർന്ന് കൊടുക്കുന്ന തിരുസഭയുടെ മഹത്തരമായ ശുശ്രൂഷയിൽ നമുക്കും സജീവമായി പങ്കുചേരാം.

### 1. അതിരൂപതാ മതബോധന കമ്മിറ്റി

2014-15 അധ്യയനവർഷത്തെ രണ്ടാമത്തെ അതിരൂപത മതബോധന കമ്മിറ്റി അഭിവന്ദ്യ മാർ ജോർജ് ഞരളക്കാട്ട് പിതാവിന്റെ അധ്യക്ഷതയിൽ 2015 മാർച്ച് 13-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ 1 മണിവരെ സന്ദേശഭവനിൽവച്ച് ചേരുന്നു. കമ്മിറ്റി അംഗങ്ങളെല്ലാവരും സംബന്ധിക്കേണ്ടതാണ്.

### 2. X, XI, XII വാർഷികപരീക്ഷ

X, XI, XII ക്ലാസ്സുകളിലെ വാർഷിക പരീക്ഷ ജനുവരി 26ന് തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2 മണിമുതൽ 4 മണിവരെയായിരിക്കും. 24ന് ഫൊറോന കേന്ദ്രത്തിൽനിന്ന് ചോദ്യപേപ്പർ എടുക്കാവുന്നതാണ്. X, XI, ക്ലാസ്സുകളിലെ കുട്ടികൾ വിശ്വാസോത്സവത്തിൽ പങ്കെടുത്താലെ പ്രൊമോഷൻ ലഭിക്കുകയുള്ളൂ. അതിനാൽ അവരുടെ റിസൾട്ട് മറ്റ് ക്ലാസ്സുകളിലെ കുട്ടികളുടെ റിസൾട്ടിനൊപ്പം മാത്രമേ പ്രസിദ്ധീകരിക്കാവൂ. ഈ വിവരം പ്രസ്തുത ക്ലാസ്സുകളിലെ കുട്ടികളെ അറിയിക്കേണ്ടതാണ്. XI-ാം ക്ലാസ്സിലെ വാർഷികപരീക്ഷക്ക് ഉപപാഠത്തിൽനിന്നും 15 മാർക്കിന്റെ ചോദ്യം ഉണ്ടായിരിക്കും.

### 3. പരീക്ഷ സൂപ്പർ വൈസർമാർ

ജനുവരിയിൽ നടത്തുന്ന വാർഷികപരീക്ഷയ്ക്ക് പരീക്ഷാകേന്ദ്രങ്ങളിൽ സൂപ്പർ വൈസർമാരെ നിയമിക്കേണ്ടതാണ്. ഫൊറോന കമ്മിറ്റി ആലോചിച്ച് സൂപ്പർ വൈസർമാരേയും സ്കോളർഷിപ്പ് മൂല്യനിർണ്ണയം നടത്തുന്നതിനുള്ള അധ്യാപകരേയും ചുമതലപ്പെടുത്തേണ്ടതാണ്.

### 4. സ്കോളർഷിപ്പ് പേപ്പറുകൾ

X, XI, ക്ലാസ്സുകളിലെ സ്കോളർഷിപ്പിനു പരിഗണിക്കുന്ന ഓരോ ഇടവകയിലേയും **മൂന്ന് കുട്ടികളുടെ** ഉത്തരപേപ്പറുകൾ ജനുവരി 26നു തന്നെ ഫൊറോനാ കേന്ദ്രത്തിൽ എത്തിക്കുക.

### 5. സ്കോളർഷിപ്പ് മൂല്യനിർണ്ണയ ക്യാമ്പ്

X, XI, ക്ലാസ്സുകളിലെ സ്കോളർഷിപ്പിനുള്ള കുട്ടികളുടെ ഉത്തരക്കടലാസ് മൂല്യനിർണ്ണയ ക്യാമ്പ് ജനുവരി 31ന് ശനിയാഴ്ച എല്ലാ ഫൊറോനാ കേന്ദ്രങ്ങളിലും പ്രസിഡന്റുമാരുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്. ഓരോ ഫൊറോനായിൽനിന്നും X-ാം ക്ലാസ്സിൽ **ഉയർന്ന മാർക്ക് നേടിയ '3' പേപ്പറുകൾ അതിരൂപതാ ഓഫീസിലേക്ക്** ഫെബ്രുവരി 10ന് മുമ്പ് അയച്ചുതരേണ്ടതാണ്.

### 6. വിശ്വാസോത്സവം ഏപ്രിൽ 6-10

വിശ്വാസോത്സവ വർക്ക് ബുക്കിന്റെ ഓർഡർ ഫോം പൂരിപ്പിച്ച് ഓഫീസിലേക്ക് ജനുവരി 15നകം അയക്കേണ്ടതാണ്. 4-ാം ക്ലാസ്സിലെ കുട്ടികളുടെ വർക്ക് ബുക്ക് (ആദ്യകുർബാന സ്വീകരണം) കളർ പ്രിന്റാണ്. വർക്ക് ബുക്കുകളുടെ വില പിന്നീട് അറിയിക്കുന്നതാണ്.

### 7. 'സ്പെഷ്യൽ'വിശ്വാസോത്സവം

ആർമിസ്കൂളിലും സെന്റർ സ്കൂളിലും പഠിക്കുന്ന കുട്ടികൾക്കായി മാത്രം 2014 മാർച്ച് 26 മുതൽ 28 വരെ തളിപ്പറമ്പ് ദർശനാ ധ്യാനകേന്ദ്രത്തിൽവച്ച് വിശ്വാസോത്സവം നടത്തുന്നതായിരിക്കും.

### 8. യാത്രയയപ്പ് മീറ്റിംഗ്

XII-ാം ക്ലാസ്സിലെ കുട്ടികൾ പഠനം പൂർത്തിയായി പോകുന്നതിന് മുൻപ് അവർക്ക് യാത്രയയപ്പ് കൊടുക്കുന്ന നല്ല പതിവ് ചില സൺഡേസ്കൂളുകളിലുണ്ട്. സൺഡേസ്കൂൾ പഠനത്തിന്റെ ഓർമ്മ നിലനിർത്തുന്നതിനും ദൈവാനുഭവത്തിന്റെ മേഖലകൾ അയവിറക്കുന്നതിനുമായി ഈ വർഷം മുതൽ അത്തരത്തിലുള്ള മീറ്റിംഗ് എല്ലാ സൺഡേസ്കൂളുകളിലും ക്രമീകരിക്കേണ്ടതാണ്. ഹെഡ്മാസ്റ്ററും സ്റ്റാഫ് അംഗങ്ങളും ബഹു. വികാരിയച്ചനുമായി ആലോചിച്ച് വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

**9. കുടിശ്ശിക**

2014-15 വർഷത്തെ കുട്ടികളുടെ ഫണ്ട്, ചോദ്യപേപ്പർ വില, ബുള്ളറ്റിൻ എന്നിവയുടെ തുക ഓഫീസിൽ അടച്ച് സഹകരിക്കുമല്ലോ.

**10. ഡിപ്ലോമ പരീക്ഷ നിർദ്ദേശങ്ങൾ**

1. പരീക്ഷ 2014 ജനുവരി 26-നു ഉച്ചയ്ക്കു 2 മുതൽ 4 വരെയായിരിക്കും. പരീക്ഷയുടെ സമയത്തിന് മാറ്റം വരുത്താൻ പാടില്ല. നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയത്തിനുപുറത്ത് നടത്തുന്ന പരീക്ഷപേപ്പറുകൾ മൂല്യനിർണ്ണയത്തിന് പരിഗണിക്കുന്നതല്ല.
2. സൂപ്പർവൈസർ നിയമിക്കപ്പെട്ട സെന്ററിൽ 1.30-നു മുൻപായി എത്തുക.
3. ചോദ്യപേപ്പർ പായ്ക്കറ്റ് പരീക്ഷയ്ക്കു 15 മിനിറ്റു മുൻപു മാത്രമേ പൊട്ടിക്കാവൂ.
4. ഡിപ്ലോമ പരീക്ഷയെഴുതുന്ന കുട്ടികൾ ഉത്തര കടലാസിൽ പേര് എഴുതാൻ പാടില്ല. പകരം വിശ്വാസപരിശീലന കേന്ദ്രത്തിൽനിന്നും നൽകിയിട്ടുള്ള രജി. നമ്പർ സ്ലിപ്പിൽ രജി. നമ്പർ എഴുതി ഉത്തരക്കടലാസിനൊപ്പം പിൻ ചെയ്യുക. കൂടാതെ രജി. നമ്പർ ഉത്തരക്കടലാസിന്റെ Front പേജിലും കുട്ടികളെകൊണ്ട് എഴുതിപ്പിക്കണം. ഡിപ്ലോമ പരീക്ഷ എഴുതുന്ന കുട്ടികൾക്ക് സൺഡേ സ്കൂളിൽനിന്ന് പൊതുവായി പേപ്പറുകൾ (A4) വിതരണം ചെയ്യേണ്ടതാണ്.
5. ഉത്തരക്കടലാസുകൾ രജി. നമ്പറിന്റെ ക്രമത്തിൽ അടുക്കി പായ്ക്കു ചെയ്യണം. ഉത്തരക്കടലാസുകൾ മടക്കി പായ്ക്കു ചെയ്യരുത്. ഡിപ്ലോമ ഇംപ്രൂവ്മെന്റ് ഉത്തരക്കടലാസുകൾ വേറെ കവറിൽ പായ്ക്ക് ചെയ്യണം.
6. രജി. നമ്പർ ചേർത്ത് ഇവിടെനിന്നും അയച്ചു തന്നിട്ടുള്ള രജി. ഫോമിൽ 'Mark'ന്റെ മൂന്നാമത്തെ കോളത്തിൽ ആഭ്യന്തരമൂല്യനിർണ്ണയ (Internal Assesment) ത്തിന്റെ **മാർക്ക് 25-ൽ എത്രയെന്നു ചേർക്കുക.** പരീക്ഷ എഴുതാത്ത കുട്ടികളുടെ റിമാർക്സ് കോളത്തിൽ **Absent** എന്നെഴുതുക. **രജി. ഫോം പ്രത്യേക കവറിലിട്ട് ഉത്തരക്കടലാസിനോടൊപ്പം പായ്ക്ക് ചെയ്യണം.** ഡിപ്ലോമ രജി. ഫോമിൽ ആവശ്യപ്പെട്ടരിക്കുന്ന എല്ലാ വിവരങ്ങളും പൂരിപ്പിക്കേണ്ടതാണ്. **രജിസ്റ്റർ ചെയ്യാത്ത കുട്ടികളെ പരീക്ഷ എഴുതിക്കാൻ പാടില്ല.**
7. ഉത്തരക്കടലാസുകൾ പായ്ക്കു ചെയ്യുമ്പോൾ 'Centre Head Sheet' എന്ന ഫോം കൃത്യമായി പൂരിപ്പിച്ച് സൂപ്പർവൈസറും ഹെഡ്മാസ്റ്ററും ഒപ്പുവച്ച് ഒരു കോപ്പി പായ്ക്കറ്റിനകത്തും ഒന്ന് പായ്ക്കറ്റിനു പുറത്തു കാണത്തക്കരീതിയിലും ഒട്ടിച്ച് ഉത്തരക്കടലാസ് പായ്ക്കറ്റ് സീൽ ചെയ്യുക.
8. ഉത്തരക്കടലാസ് പായ്ക്കറ്റ് പരീക്ഷാദിനത്തിൽ തന്നെ ഫൊറോനാ കേന്ദ്രത്തിലെത്തിക്കുക. **ജനുവരി 27-ാം** തീയതി ഉത്തരക്കടലാസുകൾ വിശ്വാസപരിശീലന കേന്ദ്രത്തിലേക്ക് കൊണ്ടുപോകുന്നതാണ്.

## സ്കോളർഷിപ്പ്

1. ഉത്തരക്കടലാസിൽ പരീക്ഷാർത്ഥിയുടെ പേര്, വീട്ടുപേര്, ഇടവക, സൺഡേസ്കൂൾ സീൽ എന്നിവ ഉണ്ടായിരിക്കരുത്. ഓഫീസിൽനിന്ന് തന്നിരിക്കുന്ന നെയിം സ്ളിപ്പ് പൂരിപ്പിച്ച് ഉത്തരക്കടലാസിനോടൊപ്പം പിൻ ചെയ്യുക.
2. അതിരൂപതാ സ്കോളർഷിപ്പിനായി **X-ാം ക്ലാസിലെ 3 ഉത്തരക്കടലാസുകൾ** പ്രത്യേകം പായ്ക്കു ചെയ്ത് ഫൊറോനാ കേന്ദ്രത്തിലെത്തിക്കുക. ഓരോ ഫൊറോനയിൽനിന്നും X-ാം ക്ലാസ്സിൽ ഉയർന്ന മാർക്ക് നേടിയ **3 പേപ്പറുകൾ** അതിരൂപതാ ഓഫീസിലേക്ക് ഫെബ്രുവരി 10-നു മുൻപ് അയച്ചുതരേണ്ടതാണ്. **ഫൊറോനായിൽ മൂല്യനിർണ്ണയം നടത്തുമ്പോൾ വിശ്വാസപരിശീലനകേന്ദ്രം നൽകിയിട്ടുള്ള ഉത്തരസൂചിക മാനദണ്ഡമാക്കേണ്ടതാണ്, ഉത്തരക്കടലാസിൽ ഒന്നും എഴുതാൻ പാടില്ല** (മാർക്ക്, ശരി, തെറ്റ്, etc...).
3. ഓഫീസിൽ അടിയന്തിരമായി ലഭിക്കേണ്ട കത്തുകളും മറ്റും ഉണ്ടെങ്കിൽ അവ ഉത്തരക്കടലാസ് പായ്ക്കറ്റിനു പുറത്ത് എളുപ്പത്തിൽ കാണുന്നവിധം വയ്ക്കുക.
4. പരീക്ഷയിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നാൽ വിശ്വാസപരിശീലനകേന്ദ്രത്തിൽ അറിയിക്കുക. ഫോൺ : **0490 2344430, 9400897861, 9447142801.**

**11. ലൂമെൻ എക്ലേസിയേ**

അധ്യാപകർക്കായി നടത്തുന്ന ദൈവശാസ്ത്രകോഴ്സിന്റെ അടുത്ത ബാച്ചിന്റെ രജിസ്ട്രേഷൻ ജനുവരിയിൽ ആരംഭിക്കുന്നു. ബാക്കിയുള്ള അധ്യാപകരെയും പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ.

**12. ഫാ. ജോൺ വടക്കുംമൂല ജൂബിലി മെമ്മോറിയൽ എൻഡോവ്മെന്റ്**

പൗരോഹിത്യ സുവർണ്ണ ജൂബിലിയുടെ ഓർമ്മയ്ക്കായി സൺഡേ സ്കൂൾ കുട്ടികൾക്കായി 50,000 രൂപയുടെ എൻഡോവ്മെന്റ് ഏർപ്പെടുത്തിയ ബഹു. ജോൺ വടക്കുംമൂലയച്ചന് ഹൃദയം നിറഞ്ഞ നന്ദി.

**13. ഡയറക്ടറച്ചന്റെ സന്ദർശനം**

വെള്ളാട്, പെരിങ്ങാല, ബിരിക്കുളം എന്നീ ഇടവകകൾ സന്ദർശിക്കുകയും വി. കുർബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ് എടുക്കുകയും ചെയ്തു.

പുതുവത്സരാശംസകളോടെ,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**

ഡയറക്ടർ